LIBRARY ARCHIVES Kerala Legislative Assembly

കെ.എസ്.എഫ്.ഇ. ശക്തിപ്പെടുത്തുന്നതിനുള്ള കർമ്മ പദ്ധതികൾ

27 (*27) ശ്രീ. ബെന്നി ബെഹനാൻ :

ശ്രീ. എ. റ്റി. ജോർജ് :

ശ്രീ. വർക്കല കഹാർ :

ശ്രീ. പാലോട് രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് കെ.എസ്.എഫ്.ഇ.ശക്തിപ്പെടുത്തുന്നതിന് കർമ്മ പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) കെ.എസ്.എഫ്.ഇ-യുടെ നിക്ഷേപം ഇതുമൂലം എത്രത്തോളം വർദ്ധിക്കുകയുണ്ടായെന്ന് വിശദമാക്കുമോ ;

(സി) ഇതിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ടെന്നു വിശദമാക്കുമോ ?

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) : സർ,

(എ) ഉണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു :

1. 2012-ലെ സംസ്ഥാന സർക്കാരിന്റെ ബഡ്ജറ്റ് നിർദ്ദേശപ്രകാരം എല്ലാ പഞ്ചായത്തുകളിലും ശാഖകൾ തുടങ്ങുക.
2. ശാഖകൾ തമ്മിൽ ബന്ധിപ്പിക്കുന്ന കോർ ആപ്ളിക്കേഷൻ സോഫ്റ്റ്വെയർ നടപ്പിലാക്കുക.
3. ബാങ്ക് വഴി ചിട്ടിത്തവണകൾ അടയ്ക്കുവാനുള്ള സൗകര്യം ഏർപ്പെടുത്തുക.
4. 2015-16 സാമ്പത്തികവർഷം 4575 കോടി രൂപയുടെ അധിക വായ്പ ബിസിനസ് നടത്തുക.
5. കൂടുതൽ മേഖലാ ഓഫീസുകളും സോണൽ ഓഫീസുകളും തുടങ്ങുക.
6. പ്രവാസികളെ ചിട്ടികളിൽ ചേർക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.
7. കമ്പനിയുടെ മൂലധനം 100 കോടി രൂപയായി വർദ്ധിപ്പിക്കുക.

ഇതിൽ നാല് പുതിയ മേഖലാ ഓഫീസുകൾ തുടങ്ങുന്നതിനും പ്രവാസികളെ ചിട്ടികളിൽ ചേർക്കുന്നതിനും സർക്കാർ അനുമതി നൽകിയിട്ടുണ്ട്.

(ബി) 31-3-2011-ൽ കമ്പനിയുടെ നിക്ഷേപം 3,109 കോടി രൂപയായിരുന്നത് ഇപ്പോൾ 7,930 കോടി രൂപയായി ഉയർന്നിട്ടുണ്ട്.

(സി)

1. ചിട്ടി ആക്ട് 1982 പ്രകാരം പുതിയ ചിട്ടികൾ തുടങ്ങുവാനുള്ള അനുമതി നൽകിവരുന്നു.
2. ചിട്ടിയിതര ബിസിനസ്സുകൾ തുടരുവാനുള്ള അനുമതി നൽകിയിട്ടുണ്ട്.
3. ചിട്ടി സെക്യൂരിറ്റി നിക്ഷേപം ട്രഷറിയിൽ നിക്ഷേപിക്കാനുള്ള അനുമതി നൽകിയിട്ടുണ്ട്.
4. കെ.എസ്.എഫ്.ഇ.-യുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനു വേണ്ടി നാല് പുതിയ മേഖലാ ഓഫീസുകൾ തുടങ്ങുവാൻ G.O.(MS) 130/2015/TD തീയതി 24-7-2015 പ്രകാരം ഉത്തരവായിട്ടുണ്ട്.
5. കൂടുതൽ മേഖലാ ഓഫീസുകളും സോണൽ ഓഫീസുകളും തുടങ്ങുന്നതിനുവേണ്ട പഠന റിപ്പോർട്ട് തയ്യാറാക്കാൻ കെ.എസ്. എഫ്. ഇ.- യോട് നിർദ്ദേശിച്ചിട്ടുണ്ട്.
6. ഫെമ നിയന്ത്രണങ്ങളിൽ മാറ്റം വരുത്തി പ്രവാസികളെ ചിട്ടിയിൽ അംഗങ്ങളാക്കുന്നതിന് G.O.(MS) 136/2015/TD തീയതി 29-7-2015 പ്രകാരം സർക്കാർ അനുമതി നൽകിയിട്ടുണ്ട്.

ജനസമ്പർക്ക പരിപാടിയുമായി ബന്ധപ്പെട്ട ഉത്തരവുകൾ

28 (*28) ശ്രീ. എം. വി. ശ്രേയാംസ് കുമാർ :
ശ്രീ. റോഷി അഗസ്റ്റിൻ :
ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാലഹരണപ്പെട്ട ചില ഉത്തരവുകൾ നിമിത്തം ജനങ്ങൾക്കുള്ള സേവനങ്ങൾ യഥാസമയം ലഭ്യമാക്കുവാൻ സാധിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇക്കാര്യത്തിൽ എന്ത് നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ;

(സി) മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടിയിൽ വന്ന നിർദേശങ്ങളുടെയും പരാതികളുടെയും അടിസ്ഥാനത്തിൽ പുതിയ എത്ര ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട് ; വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly